**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 285 — 11.06.2012 - ൽ മറുപടിക്ക്

**സുരേഷ്ബാബുവിനെ ആക്രമിച്ച സംഭവം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ ഉദുമ പടിഞ്ഞാറ് താമസക്കാരനായ സുരേഷ് ബാബുവിനെ ബേക്കൽ കുന്നിൽ വച്ച് ആക്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 261/2012 U/s 143, 147, 148, 341, 326, 307, r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ട്. |
| (സി) കേസ്സിലെ പ്രതികൾ ആരൊക്കെയാണ്; ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (സി) ഉദുമ പടിഞ്ഞാർ സ്വദേശികളായ ആസിഫ്, ഷാഹിദ്, അബ്ദുള്ള, അഹദ് തുടങ്ങി മറ്റ് കണ്ടാലറിയാവുന്ന 8 പേരും ചേർന്നുള്ള സംഘമാണ് പ്രതികൾ. പ്രസ്തുത പ്രതികൾ ഒളിവിൽ പോയതിനാൽ ആരെയും അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല. |
| (ഡി) ഈ കേസ്സിലെ പ്രതികൾ മറ്റേതെങ്കിലും കേസ്സിലെ പ്രതികളാണോ; എങ്കിൽ ഏതൊക്കെ കേസ്സുകളിൽ; വിശദാംശങ്ങൾ നൽകുമോ; | (ഡി) ഇതു സംബന്ധിച്ചും അന്വേഷണം നടത്തി വരുന്നുണ്ട്. |
| (ഇ) പ്രസ്തുത കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വിശദമാക്കുമോ? | (ഇ) ഇല്ല. പ്രതികൾ ഒളിവിൽ ആയതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനു വേണ്ടി റെയിഡുകൾ ഉൾപ്പെടെ ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ